# കേരളസർവകലാശാല

നം.പി.ആർ.171/2021

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2021

### ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരള സർവകലാശാലയുടെ 2021–22 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (**www.admissions.keralauniversity.ac.in**) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗ്ഇൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) സെപ്റ്റംബർ 5–ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും പ്രസ്തുത വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്, മാത്രമല്ല തുടർ അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്.

വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ ഹയർ ഓപ്ഷനുകൾ സെപ്റ്റംബർ 5 വൈകിട്ട് 5 മണിക്ക് മുമ്പായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്. അലോട്ട്മെന്റ് ലഭിച്ചവർ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ പ്രവേശനത്തിനായി ഹാജരായാൽ മതി.

### കോവിഡ് 19 – പുന:പരീക്ഷ സൗകര്യം

കേരള സർവകലാശാല 2021 സെപ്റ്റംബർ 1ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്/ സി.ആർ) ഡിഗ്രി, സെപ്റ്റംബർ 2ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ (പി.ജി റെഗുലർ) പരീക്ഷകൾക്ക് കോവിഡ് പോസിറ്റീവായ വിദ്യാർത്ഥികൾക്കും ക്രിട്ടിക്കൽ കണ്ടേൻമെന്റ് സോണിൽ നിന്നും യാത്ര സൗകര്യം ഇല്ലാത്ത കാരണം ഹാജരാക്കാൻ കഴിയാത്ത വിദ്യാർഥികൾക്കും പ്രത്യേക പരീക്ഷ നടത്തുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മതിയായ രേഖകൾ പ്രിൻസിപ്പാൾ മുഖാന്തരം സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 ൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ ബി.ബി.എ. (2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും സെപ്റ്റംബർ 13 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എൽ.എൽ.ബി. സ്പെഷ്യൽ പരീക്ഷ – ടൈംടേബിൾ

കേരളസർവകലാശാല ഒക്ടോബർ 1 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ. ബി. സെപ്റ്റംബർ 2020 സ്പെഷ്യൽ പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## അനുസ്മരണപ്രഭാഷണം

കേരള സർവ്വകലാശാല എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ മുൻ മേധാവി ആയിരുന്ന ഡോ. വസന്താ രാംകുമാറിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനും അനുസ്മരണപ്രഭാഷണം നടത്തുന്നതിനുമായി 2021 സെപ്റ്റംബർ 1, ബുധനാഴ്ച 3.30ന് ഓൺലൈനായി ഒരു മീറ്റിംഗ് സംഘടിപ്പിക്കുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യൂക്കേഷൻന്റേയും പൂർവ വിദ്യാർത്ഥി സംഘടനയുടേയും ആഭിമുഖ്യത്തിലാണ് മീറ്റിംഗ് സംഘടിപ്പിച്ചിരിക്കുന്നത്. യോഗത്തിൽ സംബന്ധിക്കുന്നതിനായി **https://meet.google.com/xxr-wvik-shc** എന്ന ഗൂഗിൾ മീറ്റ് ലിങ്കിൽ ജോയിൻ ചെയ്യുക.

## സീറ്റ് ഒഴിവ്

കേരള സർവകലാശാലയുടെ ഇംഗ്ലീഷ് പഠന വകുപ്പ് നടത്തുന്ന 'APGDEC' അഡ്വാൻസ് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ" എന്ന പാർട്ട്ടൈം സായാഹ്ന കോഴ്സിന്റെ 2021 – 22 ബാച്ചിലേക്ക് എസ്.സി,എസ്.ടി സീറ്റുകൾ ഒഴിവുണ്ട്. സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ ആറാം തീയതി രാവിലെ 10.30ന് ഇംഗ്ലീഷ് പഠന വകുപ്പിൽ വച്ച് നടത്തുന്നതാണ്. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുമായി ഇംഗ്ലീഷ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ് അന്വേഷണങ്ങൾക്ക് 9809538287 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

തിരുവനന്തപുരം,
31.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**
**University information is available on 9188526670, 9188526671, 9188526674, 9188526675**